Passed on 28-03-18

# 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാർ റവന്യൂ കമ്മി 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കേണ്ടതും,—

(എ) റവന്യൂ മിച്ചം വർദ്ധിപ്പിക്കുകയും ആ തുക ആസ്തികളേക്കാൾ കൂടുതലായുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്തുകയും;

(ബി) 2017-2018 മുതൽ 2019-2020 വരെയുള്ള കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തുകയും;

കുറിപ്പ്:—(i) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനു മുൻപുള്ള വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര

ഉൽപ്പാദനം-കടം എന്നിവ തമ്മിലുള്ള അനുപാതം 25 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ ഇതിനു പുറമേ 0.25 ശതമാനം അധിക ഇളവിന് സംസ്ഥാനം അർഹമാകുന്നതാണ്;

(ii) ഏതൊരു വർഷത്തേക്കാണോ കടമെടുപ്പ് പരിധി നിജപ്പെടുത്തേണ്ടത്, അതിനു മുൻപുള്ള വർഷത്തിൽ പലിശയടവ് റവന്യൂ വരുമാനത്തിന്റെ 10 ശതമാനമോ അതിൽ കുറവോ ആണെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം അധിക വായ്പാ പരിധിക്ക് സംസ്ഥാനം വീണ്ടും അർഹമാകുന്നതാണ്;

(iii) മേൽ പ്രസ്താവിച്ച മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും പ്രത്യേകമായോ, അല്ലെങ്കിൽ രണ്ടും നിറവേറ്റപ്പെടുകയാണെങ്കിൽ പ്രസ്തുത ഇളവുകൾ രണ്ടും ഒരുമിച്ചോ, സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്രകാരം സംസ്ഥാനത്തിന് ഒരു നിർദ്ദിഷ്ട വർഷത്തിൽ പരമാവധി ധനക്കമ്മി-മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം എന്നിവ തമ്മിലുള്ള അനുപാതം 3.5 ശതമാനം വരെ ആകാവുന്നതാണ് ;

(iv) വായ്പാപരിധി നിജപ്പെടുത്തേണ്ട വർഷത്തിലും തൊട്ടുമുൻപുള്ള വർഷത്തിലും റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിൽ മാത്രമേ അധികപരിധിക്കു പ്രസ്തുത ഇളവുകളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ.

ഇപ്രകാരം ലഭിക്കുന്ന അധിക 'ഫിസ്കൽ സ്പേസ്' കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിനായി വിനിയോഗിക്കേണ്ടതാണ്.

(സി) 2017-2018, 2018-2019, 2019-2020 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 30.40 ശതമാനം, 30.01 ശതമാനം, 29.67 ശതമാനം എന്നീ നിലയിലേയ്ക്ക് കുറയ്ക്കുകയും;

ചെയ്യേണ്ടതുമാണ്.".

---